# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.06.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സെയ്ഷെൽസ് സന്ദർശനം തുടരുന്നു. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ ഇന്ന് അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi is on a three-day Seychelles visit. He will address the National Assembly of Seychelles today.**

2. മൻ കീ ബാത്തിന്റെ 135 -ാം പതിപ്പിലൂടെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടി രാവിലെ 11 മണിക്ക് ആകാശവാണിയിലും ദൂരദർശനിലും തത്സമയം.

   **Prime Minister Narendra Modi will share his thoughts with the people today through the 135th edition of Mann Ki Baat. The programme will be broadcast live at 11 a.m. on All India Radio and Doordarshan.**

3. രാജ്യവ്യാപകമായി പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ഇന്ന്. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് തുള്ളിമരുന്നു നൽകും.

   **The nationwide Pulse Polio immunisation campaign will be held today. Polio drops will be administered to 19.8 million children below the age of five.**

4. കൈലാസ് - മാനസസരോവർ തീർത്ഥയാത്രയ്ക്ക് പോകുന്ന ഇന്ത്യൻ പൗരന്മാർക്കായി മാർഗനിർദേശങ്ങൾ പുറത്തിറക്കി വിദേശകാര്യ മന്ത്രാലയം.

   **The Ministry of External Affairs has issued an advisory to Indian Citizens undertaking the Kailash Manasarovar Yatra through tours organized by private tour operators.**

5. കേരളത്തിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.

**Heavy rainfall is likely in Keralam today. An Orange Alert has been issued for the districts of Kozhikode, Wayanad, Kannur, and Kasaragod. Fishing has been banned along the Keralam, Karnataka, and Lakshadweep coasts until Wednesday.**

6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ പനാമയ്ക്കെതിരെ ഇംഗ്ലണ്ടിന് തകർപ്പൻ ജയം. നോക്കൗട്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം.

**England registered a convincing victory over Panama in the FIFA World Cup. The knockout stage of the tournament begins today.**

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM SEYCHELLES VISIT (INTRO)

സെയ്ഷെൽസിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തും. ഇരു നേതാക്കളും ഉഭയകക്ഷി സഹകരണം വിലയിരുത്തുകയും, പരസ്പര താല്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ ചർച്ച നടത്തുകയും ചെയ്യും.

ഒരു റിപ്പോർട്ട്...

(VOICE)

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി സെയ്ഷെൽസിൽ എത്തിയത്. സെയ്ഷെൽസിന്റെ ദേശീയദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ ഇന്ന് അഭിസംബോധന ചെയ്യും. പ്രവാസി ഇന്ത്യക്കാരുമായും അദ്ദേഹം ആശയവിനിമയം നടത്തും. തുടർന്ന് റോച്ചെ കൈമാനിൽ നടക്കുന്ന ദേശീയ ദിനാഘോഷങ്ങളിൽ ശ്രീ നരേന്ദ്ര മോദി പങ്കെടുക്കും. രണ്ട് ഇന്ത്യൻ നാവികസേനാ കപ്പലുകൾക്കൊപ്പം ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു വിഭാഗവും ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി...

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകൾക്ക് പുറമെ AIR News website, Newsonair mobile app തുടങ്ങിയവയിലും പരിപാടി തത്സമയം ലഭ്യാമാകും. AIR News, DD News, PMO എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത്ത് ലഭിക്കും.

## MEA – KAILASH

സ്വകാര്യ ടൂർ ഓപ്പറേറ്റർമാർ മുഖേന കൈലാസ് - മാനസസരോവർ തീർത്ഥയാത്രയ്ക്ക് പോകുന്ന ഇന്ത്യൻ പൗരന്മാർക്കായി വിദേശകാര്യ മന്ത്രാലയം മാർഗനിർദേശങ്ങൾ പുറത്തിറക്കി. വീസയും പ്രവേശനാനുമതിയും ഇല്ലാതെ നേപ്പാളിലൂടെ യാത്രതിരിച്ചതിനെ തുടർന്ന് നിരവധി ഇന്ത്യൻ പൗരന്മാർ കുടുങ്ങിയതിനെ തുടർന്നാണ് മുന്നറിയിപ്പ്. യാത്രയ്ക്ക് ആവശ്യമായ എല്ലാ രേഖകളും ലഭിച്ച ശേഷമേ യാത്ര ആരംഭിക്കാവൂ എന്ന് മന്ത്രാലയം വ്യക്തമാക്കി. രേഖകൾ പിന്നീട് ലഭിക്കുമെന്ന പ്രതീക്ഷയിൽ യാത്ര തുടങ്ങു ന്നത് വിദേശത്ത് കുടുങ്ങാനുള്ള സാധ്യത വർധിപ്പിക്കും. തീർത്ഥയാത്രയ്ക്ക് പോയ 52 ഇന്ത്യൻ പൗരന്മാർ കാഠ്മണ്ഡുവിൽ കുടുങ്ങിയതായും തുടർയാത്ര നടത്താൻ അടിയന്തര സഹായം അഭ്യർഥിച്ചിട്ടുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

## RAKSHA MANTRIS PARLIAMENTARY ADDRESS

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് 2025 ജൂലൈ 28-ന് പാർലമെൻ്റിൽ നടത്തിയ പ്രസംഗം ചില സമൂഹ മാധ്യമങ്ങൾ തെറ്റായി വ്യാഖ്യാനിച്ചതായി പ്രതിരോധ മന്ത്രാലയം. ഓപ്പറേഷൻ സിന്ദൂർ സമയത്ത് സൈനിക മരണം ഉണ്ടായില്ലെന്ന് മന്ത്രി പറഞ്ഞതായി വരുത്തിത്തീർക്കാൻ പ്രസംഗത്തിൻ്റെ ഒരു ഭാഗം മാത്രം അടർത്തിയെടുത്ത് പ്രചരിപ്പിക്കുന്നത് തികച്ചും തെറ്റിദ്ധ രിപ്പിക്കുന്നതും വസ്തുതാവിരുദ്ധവുമാണെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. രാജ്യരക്ഷയ്ക്കായി ജീവൻ ബലിയർപ്പിച്ച പ്രതിരോധ സേനയിലെ

ഓരോ അംഗത്തിന്റെ പരമോന്നത ത്യാഗത്തെ എക്കാലവും രാജ്യം അനുസ്മരിക്കുമെന്നും പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PULSE POLIO

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം ഇന്ന് നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം രാവിലെ തിരുവനന്തപുരത്ത് ആരോഗ്യമന്ത്രി കെ. മുരളീധരൻ നിർവ്വഹിക്കും. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്നു നൽകും. ഇതിനായി 22,288 ബൂത്തുകളും 46,663 സന്നദ്ധ പ്രവർത്തകരെയും നിയോഗിച്ചിട്ടുണ്ട്. ബൂത്തുകളിൽ ഇന്ന് എത്തിച്ചേരാൻ സാധിക്കാത്തവർക്ക് നാളെയും മറ്റന്നാളുമായി വീടുകളിലെത്തി വാക്സിൻ നൽകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MEDICAL EVACUATION – LAKSHADWEEP

ലക്ഷദ്വീപിൽ തീരസംരക്ഷണ സേനയുടെ നേതൃത്വത്തിൽ നടത്തിയ മെഡിക്കൽ രക്ഷാദൗത്യം വിജയകരം. കോസ്റ്റ്ഗാർഡും കവരത്തി ജില്ലാ ഹെഡ്ക്വാർട്ടേഴ്സും കൊച്ചിയിലെ സിജി എയർ എൻക്ലേവും ലക്ഷദ്വീപ് ഭരണകൂടവുമായി ചേർന്നാണ് ദൗത്യം നിർവ്വഹിച്ചത്. അഗത്തിയിൽ നിന്ന് 60-ഉം 66-ഉം വയസ്സുള്ള ഗുരുതരാവസ്ഥയിലായ രണ്ട് രോഗികളെ സുരക്ഷിത മായി കൊച്ചിയിൽ എത്തിക്കാൻ സാധിച്ചു. പ്രതികൂല കാലാവസ്ഥയെയും അവഗണിച്ചുകൊണ്ടായിരുന്നു ദൗത്യം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## BHAGYARAJ PASSEDAWAY

പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജിന്റെ സംസ്കാര ചടങ്ങുകൾ ഇന്ന് ചെന്നൈയിൽ നടക്കും. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെ രാവിലെയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യം. 25-ലധികം ചിത്രങ്ങൾ സംവിധാനം ചെയ്യുകയും 75-ഓളം സിനിമകളിൽ അഭിനയിക്കു കയും ചെയ്തിട്ടുണ്ട്. നിരവധി പേർ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## SENSUS ENUMERATION

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം രണ്ട് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## RAIN – KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ANUPRIYA PATEL - HEALTHCARE (INTRO)

കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിൽ ആരോഗ്യ മേഖലയിൽ ഗണ്യമായ പുരോഗതി ഇന്ത്യ കൈവരിച്ചതായി കേന്ദ്രസഹമന്ത്രി അനുപ്രിയ പട്ടേൽ. എല്ലാ പൗരന്മാർക്കും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ആരോഗ്യപരിരക്ഷ ലഭ്യമാക്കിക്കൊണ്ട്, സാർവത്രിക ആരോഗ്യ പരിരക്ഷ എന്ന ലക്ഷ്യത്തിലേക്കാണ് രാജ്യം മുന്നേറുന്നതെന്നും മന്ത്രി പറഞ്ഞു. സ്വകാര്യ മാധ്യമം സംഘടിപ്പിച്ച ഒൻപതാമത് ഡോക്ടേഴ്സ് ഡേ കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

(വോയിസ്...)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## FIFA WC

ഫിഫ ലോകകപ് ഫുട്ബോളിൽ പനാമയ്ക്കെതിരെ ഇംഗ്ലണ്ടിന് തകർപ്പൻ ജയം. എതിരില്ലാത്ത 2 ഗോളിനാണ് ഇംഗ്ലണ്ട് പനാമയെ പരാജയപ്പെടുത്തിയത്. മറ്റൊരു മത്സരത്തിൽ ക്രോയേഷ്യ ഘാനയെ 2 - 1 ന് പരാജയപ്പെടുത്തി. ഇന്ന് പുലർച്ചെ നടന്ന കൊളമ്പിയ - പോർച്ചുഗൽ മത്സരം സമനിലയിൽ

കലാശിച്ചു. മറ്റൊരു മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെതിരെ കോംഗോ 3-1 ന് വിജയിച്ചു. അൾജീരിയ ഓസ്ട്രിയ, ജോർദാൻ - അർജന്റീന മത്സരങ്ങൾ പുരോഗമിക്കുകയാണ്. ലോകകപ്പിലെ നോക്കൗട്ട് പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കമാകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## LONG JUMP - ANCY SOJAN

ലോങ്ങ് ജമ്പിൽ 22 വർഷം മുൻപ് അഞ്ജു ബോബി ജോർജ്ജ് കുറിച്ച റെക്കോർഡ് തിരുത്തി തൃശൂർ സ്വദേശിനി ആൻസി സോജൻ. 2004 ലെ എഥൻസ് ഒളിമ്പിക്സിൽ അഞ്ജു ബോബി ജോർജ്ജ് കുറിച്ച 6.83 മീറ്ററിന്റെ റെക്കോർഡ് 6.88 മീറ്റർ ദൂരത്തിൽ ചാടിയാണ് ആൻസിയുടെ പുതിയ റെക്കോർഡ്. ഭുവനേശ്വറിൽ നടക്കുന്ന ഇന്റർ സ്റ്റേറ്റ് സീനിയർ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഏഷ്യൻ അത്ലറ്റിക്സ് ചരിത്രത്തിലെ എട്ടാമത്തെ മികച്ച ദൂരവും സ്വന്തം പേരിൽ കുറിക്കാൻ ആൻസിക്ക് സാധിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## WOMENS T20 WC - CRICKET

ICC വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് എയിലെ ഫൈനൽ മത്സര ത്തിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലോഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 7 മണിക്കാണ് മത്സരം. ഗ്രൂപ്പ് എയിൽ മൂന്ന് മത്സരങ്ങൾ വിജയിച്ച ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## US STRIKE – IRAN

യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിൻറെ നിർദേശാനുസരണം ഇറാനെതിരെ വീണ്ടും ആക്രമണം നടത്തിയതായി അമേരിക്കൻ സൈന്യം. ഇറാനിലെ സൈനിക നിരീക്ഷണകേന്ദ്രങ്ങൾ, വ്യോമ പ്രതിരോധ കേന്ദ്രങ്ങൾ, ഡ്രോൺ സൂക്ഷിപ്പ് കേന്ദ്രങ്ങൾ എന്നിവയ്ക്ക് നേരെയാണ് ആക്രമണ മുണ്ടായതെന്ന് യു എസ് സെൻട്രൽ കമാൻഡ് സമൂഹമാധ്യമത്തിൽ അറിയിച്ചു. അതേസമയം, കിക്ക് എന്ന ഓയിൽ ടാങ്കറിന് നേരെയുണ്ടായ ആക്രമണമാണ് യു എസ്സിനെ തിരിച്ചടിക്കാൻ പ്രേരിപ്പിച്ചത്. വെടിനിർത്തൽ കാരാറിനെ ഇറാൻ വകവയ്ക്കുന്നില്ലെന്ന് യു എസ് സെൻട്രൽ കമാൻഡ് വ്യക്തമാക്കി.

## ASSEMBLY

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്ക്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

## PLUS ONE ALLOTMENT

സംസ്ഥാനത്ത് പ്ലസ്സ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തേയും അവസാനത്തേയും അലോട്ട്മെന്റ് നാളെ നടക്കും. രാവിലെ 11 മണി മുതൽ പ്രവേശനം സാധ്യമാകുന്ന വിധം പ്രസിദ്ധീകരിക്കും. ജൂലൈ 3 ന് വൈകിട്ട് 5 മണി വരെയാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾ hscap.kerala.gov.in ൽ ലഭ്യമാകും.